ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സംരക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. പട്രോളിംഗ് നടത്തുന്നതിന് പോലീസുകാർ ഉൾപ്പെടെയുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ചന്ദന റിസർവുകളിൽ മോഷണ സാദ്ധ്യതയുള്ള വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ ഏർപ്പെടുത്തിയും ജീവനക്കാരെ നിയോഗിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. മോഷണ സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങൾ വേലി കെട്ടി സംരക്ഷിച്ചുവരുന്നു. ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് 20 വന സംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 4 മാസത്തിനുള്ളിൽ 232 പഴയ കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമുള്ള ആയുധങ്ങളും, വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

(സി) ശേഖരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) 31,67,98,076 രൂപ (മുപ്പത്തിയൊന്നു കോടി അറുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി എഴുപത്തിയാറ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

ചന്ദനപ്പൊടി കണ്ടെടുക്കൽ

8 [657] ശ്രീ. എ. കെ. മണി:
,, വി. ജെ. പൗലോസ് :

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ജനുവരി മാസം മുതൽ ഇതുവരെ എവിടെ നിന്നെല്ലാം ചന്ദനപ്പൊടി കണ്ടെടുക്കുകയുണ്ടായി;

(ബി) ഈ പൊടിയുടെ ഉടമ ആരായിരുന്നു;

(സി) ഇതിന് എന്ത് വില വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ വർഷം ജനുവരി മാസം മുതൽ ഇതുവരെ ചന്ദനപ്പൊടിയുമായി ബന്ധപ്പെട്ട് യാതൊരു കേസും രജിസ്റ്റർ ചെയ്യുകയോ ചന്ദനപ്പൊടി കണ്ടെടുക്കുകയോ ചെയ്തിട്ടില്ല.

(ബി & സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പരിസ്ഥിതി വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിന് നടപടി

9 [659] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മുഖാന്തിരം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതി സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നിലവിൽ എന്തു സംവിധാനമാണുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly